(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ എല്ലാം ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(ഡി) *(തുക ലക്ഷത്തിൽ)*

തിരുവനന്തപുരം	102.80
കൊല്ലം	81.00
പത്തനംതിട്ട	34.00
ആലപ്പുഴ	106.88
കോട്ടയം	40.00
ഇടുക്കി	50.32
എറണാകുളം	90.88
തൃശൂർ	62.80
പാലക്കാട്	52.00
മലപ്പുറം	110.30
കോഴിക്കോട്	102.00
വയനാട്	88.00
കണ്ണൂർ	100.25
കാസറഗോഡ്	114.40
മൊത്തം	**1135.63**

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ

154 [1333] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിലൂടെ എന്തൊക്ക പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്;

(ബി) കഴിഞ്ഞ 4 വർഷങ്ങളിലായി ഈ രംഗത്ത് ഓരോ വർഷവും എത്ര പണം ചിലവഴിച്ചു എന്നു വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. നൊറാഡ് പരിശീലന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതികൾ
2. സ്റ്റെപ്പ് പരിശീലന ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവ മുഖേന നടത്തുന്ന വിവിധ പദ്ധതികൾ
3. വനിതാ സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
4. നഗരസഹായി പദ്ധതി
5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
6. തീരദേശ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി
7. വിമൻസ് കോപ്ലക്സ്
8. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ വിമൻ മുഖേനയുള്ള പരിശീലന പരിപാടികൾ
9. സോഷ്യൽ വെൽഫെയർ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ
10. സിംഗിൾ വിമൻ ബെനിഫിറ്റ് സ്കീം
11. തൊഴിലധിഷ്ഠിത പരിശീലന പരിപാടി, എക്സിബിഷൻ/ഫെയർ, മാർക്കറ്റിംഗ് സെന്ററുകൾ സ്ഥാപിക്കൽ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †

സിസ് ഗവൺമെന്റിന്റെ സഹായത്തോടെ പഞ്ചായത്തുതലത്തിൽ ജാഗ്രത സമിതികൾ

155 [1334] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിസ് ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാന വനിതാ കമ്മീഷൻ പഞ്ചായത്തുതലത്തിൽ ജാഗ്രത സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനുവേണ്ടി സിസ് ഏജൻസി ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly